LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ട് കേസ്സുകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) രണ്ട്.

1. മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ ശ്രീ.കെ.പി. കൃഷ്ണകുമാറിനെതിരെ വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

2. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I, ശ്രീമതി സജിനിമോളെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) അഞ്ച് കേസുകൾ അന്വേഷിച്ചു. നടപടി നിർദ്ദേശിക്കപ്പെട്ട റിപ്പോർട്ടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

1. ചവറയിലെ (ബ്ലോക്ക്) - മുൻ സീനിയർ ക്ലാർക്കായ ശ്രീ. ഡി. ശ്യാം കുമാറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു.

2. ഇടുക്കി (ബ്ലോക്ക്), ഇളംദേശം (ബ്ലോക്ക്) പട്ടികജാതി വികസന ഓഫീസിലെ അപാകതകളിൽ ഓഡിറ്റ് പരിശോധനയ്ക്ക് ശിപാർശ ചെയ്തു. ശ്രീ. ബിനു, ക്ലാർക്ക്, പെരുങ്കടവിള (ബ്ലോക്ക്) -ന് മെമ്മോ നൽകിയിട്ടുണ്ട്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

241 (3677) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) പദ്ധതിയുടെ ഭാഗമായി ഓരോ പട്ടികജാതി കോളനിയിലും എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാനുണ്ടെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം 2013-14 സാമ്പത്തിക വർഷം കൊറ്റുകളം പട്ടികജാതി കോളനിയെയും 2013-14 സാമ്പത്തിക വർഷം പാറനിരപ്പുകുന്ന് കോളനി, കൊറ്റിയോട്ടുകുന്ന് കോളനി, ചെമ്പകമൂല കോളനി, എന്നീ കോളനികളെയും ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കൊറ്റുകളം പട്ടികജാതി കോളനിയിലെ പൂച്ചലാക്കൽറോഡിന്റെയും റാമ്പിന്റെയും പാർശ്വഭിത്തി സംരക്ഷണം, കൊറ്റുകളം അംഗനവാടിക്ക് സമീപമുള്ള നടപ്പാതയുടെ പുനരുദ്ധാരണം, പനിച്ചേടത്ത് കുന്നിലെ നടപ്പാത നിർമ്മാണം, കിണർ നിർമ്മാണം, ആഡിറ്റോറിയത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തീകരിച്ചു. കൊറ്റിയാട്ടുകുന്ന്, പാറനിരപ്പ്കുന്ന് കോളനി, ചെമ്പകമൂല എന്നീ മൂന്ന് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട 4 കോളനികളിലെയും നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ച പദ്ധതികൾ

242 (3678) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾമൂലമുണ്ടായ നേട്ടങ്ങളുടെ വിശദാംശം നൽകാമോ ;

(സി) ഈ പദ്ധതികൾക്കായി എന്ത് തുക ചെലവഴിച്ചു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly